"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- ബഹു. എറണാകുളം എം.എ.സി.റ്റി യുടെ ഒ.പി(എം.വി) 2402/2017 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിനുളള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.7249/2024/ധന** **തീയതി,തിരുവനന്തപുരം, 30/09/2024**

---

പരാമർശം :- 1. ബഹു. എറണാകുളം എം.എ.സി.റ്റി യുടെ ഒ.പി(എം.വി)2402/2017 നമ്പർ വ്യവഹാരത്തിന്മേലുള്ള 27/02/2024 തീയതിയിലെ വിധി

2. 03/09/2024 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി/ സ്യൂട്ട്/എസ് 3/ 2402/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-03-S-9190 എന്ന വാഹനം 31/05/2017 തീയതിയിൽ അപകടത്തിൽപ്പെടുകയും നിരൂപ് തോമസ് എന്ന വ്യക്തിക്ക് പരിക്കേൽക്കുകയും ചെയ്തു. ടിയാൻ വകുപ്പിനെ മൂന്നാം എതിർ കക്ഷിയാക്കി ബഹു. എറണാകുളം എം.എ.സി.റ്റി മുമ്പാകെ ഒ.പി(എം.വി) 2402/2017 നമ്പരിൽ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. എറണാകുളം എം.എ.സി.റ്റി യുടെ പരാമർശം 1 ലെ വിധി പ്രകാരം 36,19,927/- രൂപ (മുപ്പത്താറ് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) ഹർജി തീയതിയായ 17/11/2017 മുതൽ 8% പലിശയടക്കവും കോടതി ഫീസിനത്തിൽ 47,373/- രൂപയും, (നാൽപ്പത്തി ഏഴായിരത്തി മുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം), ലീഗൽ ഫീസിനത്തിൽ 48,000/- രൂപയും (നാൽപ്പത്തി എണ്ണായിരം രൂപ മാത്രം) പ്രൊപ്പോഷണേറ്റ് കോസ്റ്റ് ഇനത്തിൽ 2,54,832/- രൂപയും (രണ്ട് ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) പരാതിക്കാരന് കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിലെ ലോ ഓഫീസറും, ഗവൺമെന്റ് പ്ലീഡറും അപ്പീൽ സാധ്യതയില്ലെന്ന് നിയമോപദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബഹു. എറണാകുളം എം.എ.സി.റ്റി യുടെ പരാമർശം 1ലെ വിധി പ്രകാരമുള്ള തുകയായ 36,19,927/- രൂപ(മുപ്പത്താറ് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപ മാത്രം) ഹർജി തീയതിയായ 17/11/2017 മുതൽ 8% പലിശയടക്കവും കോടതി ഫീസിനത്തിൽ 47,373/-/- രൂപയും, (നാൽപ്പത്തി ഏഴായിരത്തി മുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) ലീഗൽ ഫീസിനത്തിൽ 48,000/- രൂപയും (നാൽപ്പത്തി എണ്ണായിരം രൂപ മാത്രം) പ്രൊപ്പോഷണേറ്റ് കോസ്റ്റ് ഇനത്തിൽ 2,54,832/- രൂപയും (രണ്ട് ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) പരാതിക്കാരന് കെട്ടിവെയ്ക്കുന്നതിനുളള അനുമതി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷുറൻസ് ആന്റ് പെൻഷൻ ഫണ്ട്-105- സംസ്ഥാന ഗവൺമെന്റ് ഇൻഷുറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷുറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

ഇൻഷുറൻസ് ഡയറക്ടർ, കെ.എസ്.ഐ.ഡി, ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ. 2909467/എസ്റ്റാ-ഡി3/54/2024/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ